**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 318** **05-08-2021 - ൽ മറുപടിയ്ക്ക്**

**കരുവന്നൂർ സഹകരണ ബാങ്കിലെ ക്രമക്കേടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ എം വിൻസെന്റ്** | | **Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ 2018-19ലെ ഓഡിറ്റ് റിപ്പോർട്ടിൽ ബാങ്കിൽ വൻ ക്രമക്കേട് നടന്നു എന്ന് കണ്ടെത്തിയിരുന്നോ; ഈ റിപ്പോർട്ടിലെ കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നു; | (എ) | കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ 2018-19ലെ ആഡിറ്റിൽ ബാങ്കിൽ ക്രമക്കേടുകൾ നടന്നതായി കണ്ടെത്തിയിട്ടുണ്ട്. റിപ്പോർട്ടിലെ കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു. 1) പ്രവർത്തന പരിധിക്ക് പുറത്ത് വായ്പകൾ നൽകി. 2) നിക്ഷേപങ്ങൾക്ക് സഹകരണ സംഘം രജിസ്ട്രാറുടെ നിർദ്ദേശങ്ങൾക്ക് വിരുദ്ധ മായി അധിക പലിശ നൽകി. 3) നിക്ഷേപത്തിന്റെ 95 ശതമാനവും ഉയർന്ന നിരക്കിലുള്ള പലിശ നിക്ഷേപ മായി സ്വീകരിച്ച് പലിശ ചിലവ് വർദ്ധിപ്പിച്ചു. 4) ജില്ല സഹകരണ ബാങ്കിൽ നിന്നും കാർഷിക വായ്പ നൽകുന്നതിനായി ലഭിച്ച തുക വക മാറ്റി ചിലവഴിച്ചു. 5) ജില്ല സഹകരണ ബാങ്കിൽ നിന്നും ഉയർന്ന നിരക്കിൽ വായ്പ എടുത്തു. 6) ഈട് വച്ച നിക്ഷേപത്തിൽ നിന്നും വായ്പ നൽകിയത് വഴി ഈടിൽ കുറവ് സംഭവിച്ചത. 7) ഐ.എം.ബി.പി. അധികരിച്ച വായ്പ നൽകി. 8) മൊത്തം വായ്പയുടെ 50 ശതമാനത്തിലധികവും 50 ലക്ഷത്തിന്റെ വായ്പകൾ നൽകി. 9) മതിയായ രേഖകൾ ഇല്ലാതെയും നടപടിക്രമങ്ങൾ പാലിക്കാതെയും വായ്പ കൾ നൽകി. 10) ഓവർഡ്രാഫ്റ്റ് വായ്പകളിൽ പരിധി യിൽ കൂടുതൽ പണം പിൻവലിച്ചു. 11) ഈട് വസ്തുവിന്റെ രേഖകൾ നിയമ വിദഗ്ധനെ കൊണ്ട് പരിശോധിപ്പി ക്കുന്നതിനും, പരിശോധിച്ചതിലെ നിയമോ പദേശം പാലിക്കുന്നതിലും വീഴ്ച വരുത്തി. 12) ഭരണസമിതി യോഗങ്ങളിൽ വായ്പ അപേക്ഷകൾ ശരിയായ രീതിയിൽ പരിഗണിക്കാതെ അനുവദിച്ചത്. 13) ജീവനക്കാർക്ക് ചട്ടവിരുദ്ധമായി അംഗത്വം നൽകി വായ്പ അനുവദിച്ചു. 14) കുടിശ്ശിക വായ്പയിൽ അനർഹമായി പലിശയിളവ് നൽകിയത്. 15) പ്രതിമാസ നിക്ഷേപ |

| | | | |
|---|---|---|---|
| | | | പദ്ധതിയിൽ ഒരു വ്യക്തിയെ ഒരു ഡിവിഷനിൽ പൂർണ്ണമായും ചേർത്തു. |
| (ബി) | കരുവന്നൂർ സഹകരണ ബാങ്കിലെ ക്രമക്കേടുകൾ സംബന്ധിച്ച് 2019 ഓഗസ്റ്റ് 31-ന് കോ-ഓപ്പറേറ്റീവ് നിയമത്തിലെ സെക്ഷൻ 65 അനുസരിച്ച് അന്വേഷണം നടത്തിയിരുന്നോ; എങ്കിൽ ഈ അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നു എന്ന് അറിയിക്കാമോ; | (ബി) | കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ സഹകരണ നിയമം വകുപ്പ് 65പ്രകാരമുള്ള അന്വേഷണം 2019 ആഗസ്റ്റ് മാസം 31ന് ഉത്തരവായിരുന്നു. അന്വേഷണത്തിലെ കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു. 1) സഹകരണ നിയമം ചട്ടം ബാങ്ക് നിയമാവലി എന്നിവയ്ക്ക് വിരുദ്ധമായി ബാങ്കിൽ വ്യാപകമായി അംഗത്വം അനുവദിച്ചിരിക്കുന്നു. 2)നിക്ഷേപങ്ങൾക്ക് രജിസ്ട്രാർ നിശ്ചയിച്ചതിൽ അധികരിച്ച് പലിശ നൽകി യിരിക്കുന്നു. 3) സഹകരണ നിയമം ചട്ടം ബാങ്ക് നിയമാവലി രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശങ്ങൾ എന്നിവയ്ക്ക് വിരുദ്ധമായി വായ്പകൾ നൽകിയിരിക്കുന്നു. a) IMBP പരിഗണിക്കാതെ ഒരേ വസ്തു ഈടിന്മേൽ തന്നെ പല വായ്പകൾ അനുവദിച്ചിട്ടുള്ളതായി ബോധ്യപ്പെടുന്നു. b) ബാങ്കിൽ നിന്നും വായ്പകൾ അനുവദിക്കുന്നതിന്റെ നടപടി ക്രമങ്ങളിൽ ഗുരുതരമായ വീഴ്ചയുള്ളതായി കാണുന്നു. c) വായ്പാ അപേക്ഷകൾ പൂർണ്ണമായും പൂരിപ്പിക്കാതെയും വായ്പാ അപേക്ഷയിൽ വസ്തു ഉടമ ഒപ്പുവെക്കാതെയും വായ്പാ അപേക്ഷയിൽ ഒപ്പുവെച്ച കക്ഷികളെ ഗഹാനിൽ കക്ഷി ചേർക്കാതെയും ബോണ്ട് പൂരിപ്പിക്കാതെയും ഈട് വസ്തുവിന്റെ പൊസഷൻ സർട്ടിഫിക്കറ്റ്, ലീഗൽ റിപ്പോർട്ട് നികുതി രശീതി എന്നിവ വാങ്ങാതെയും ബാങ്കിൽ നിന്നും വായ്പകൾ അനുവദിച്ചിട്ടുണ്ട്. d) ഈട് വസ്തുവിന്റെ മതിപ്പ് വില പരിഗണിക്കാതെ രേഖകൾ പ്രകാരം നിലമായിട്ടുള്ള വസ്തു ഈട് സ്വീകരിച്ച് വായ്പകൾ നൽകിയിട്ടുള്ളതാണ്. e) ബാങ്കിന് ഫസ്റ്റ് ചാർജ്ജ് ഇല്ലാത്ത, അറ്റാച്ച്മെന്റ് നിലവിലുള്ള ഭൂമി ഈടുപിടിച്ച് വായ്പ നൽകിയിരിക്കുന്നു. f) കമ്പ്യൂട്ടറിൽ ഓവർഡ്രാഫ്റ്റ് പരിധി 25 ലക്ഷം എന്നത് 50 ലക്ഷം രൂപയാക്കി ഉയർത്തി അധിക തുക പിൻവലിച്ചിരിക്കുന്നു. g) ചില വായ്പകളിൽ വായ്പ ബാക്കിനിൽക്കെ ഈടുവസ്തു ഒഴിമുറി വെച്ച് നൽകിയിട്ടുള്ളതും ഭൂമി വിറ്റ് പോയിട്ടുള്ളതുമാണ്. h) ബാങ്കിന്റെ പ്രവർത്തന പരിധിക്ക് പുറത്തുള്ള ഭൂമി ഈടു പിടിച്ച് പ്രവർത്തന പരിധിക്ക് പുറമെയുള്ള വ്യക്തികൾക്ക് മേൽവിലാസത്തിൽ തിരുത്തലുകൾ വരുത്തി ക്രമവിരുദ്ധമായി അംഗത്വം അനുവദിച്ച് ടിയാളുകളുടെയും ബാങ്കിലെ യഥാർത്ഥ എ ക്ലാസ് അംഗങ്ങളുടെയും പേരിൽ വളരെ അധികം ബിനാമി വായ്പകൾ ബാങ്കിൽ നിന്നും അനുവദിച്ചിരിക്കുന്നു. i) വ്യാജ രേഖ ചമക്കൽ. വായ്പയുടെതായി ബാങ്കിൽ സൂക്ഷിച്ചിരിക്കുന്ന രേഖകളിൽ പലതും പഴയ |

| | | | |
|---|---|---|---|
| | | | ബോണ്ടുകളും ഗഹാനുകളും ഉപയോഗിച്ച് വ്യാജമായി ചമച്ചതാണ് എന്നു ബോധ്യപ്പെടുന്നു. 4) പ്രതിമാസ നിക്ഷേപ പദ്ധതിയിലെ ക്രമക്കേട്. ബാങ്കിൽ നടന്നു വരുന്ന പ്രതിമാസ നിക്ഷേപ പദ്ധതികളുടെ നടത്തിപ്പിൽ IMBP പരിഗണിക്കാതെ ഒരാൾക്കു തന്നെ ഒരു ഡിവിഷൻ പൂർണ്ണമായും ചേരുന്നതിന് അനുവാദം നൽകുക വഴി ടി പദ്ധതികളുടെ നിയന്ത്രണം പൂർണ്ണമായും ഒരാൾ തന്നെ ഏറ്റെടുക്കുന്നതിന് അവസരം സൃഷ്ടിച്ചിരി ക്കുന്നു. 5) ബാങ്കിന്റെ സോഫ്റ്റ്‌വെയറിൽ രജിസ്ട്രാറുടെ 27/2017 നമ്പർ സർക്കുലർ പ്രകാരമുള്ള സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നില്ല. 6) ബാങ്കിന്റെ വ്യാപാര പ്രവർത്തനങ്ങളെ സംബന്ധിച്ച് മാപ്രാണം, കരുവന്നൂർ, മൂർഖനാട് എന്നിവിടങ്ങളിലായി ബാങ്കിന് കീഴിൽ 3 സൂപ്പർ മാർക്കറ്റുകൾ പ്രവർത്തിക്കുന്നു. 31/03/2020 ലെ വർഷാന്ത്യ സ്റ്റോക്കെടുപ്പിൽ 1,69,34,445.63/- (1.69 കോടി) രൂപയുടെ കുറവ് കണ്ടെത്തുകയുണ്ടായി. |
| (സി) | പ്രസ്തുത ഓഡിറ്റ് റിപ്പോർട്ടിലും സെക്ഷൻ 65 അനുസരിച്ചുള്ള അന്വേഷണത്തിലും ഈ ബാങ്കിൽ വ്യാപക ക്രമക്കേട് നടന്നു എന്ന് കണ്ടെത്തിയിട്ടും ഇതുസംബന്ധിച്ച് നടപടി സ്വീകരിക്കാൻ കാലതാമസം ഉണ്ടായിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ? | (സി) | ആഡിറ്റ് റിപ്പോർട്ടിലും, 65 റിപ്പോർട്ടിലും ക്രമക്കേടുകൾ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ച് ബാങ്ക് ഭരണസമിതിയെ സഹകരണ നിയമം വകുപ്പ് 32 പ്രകാരം നീക്കം ചെയ്തിട്ടുണ്ട്. കുറ്റക്കാരെന്ന് കണ്ടെത്തിയ ജീവനക്കാരെ സസ്പെന്റ് ചെയ്തിട്ടുണ്ട്. സഹകരണ നിയമം വകുപ്പ് 68(1) പ്രകാരം സർചാർജ് അന്വേഷണത്തിന് നടപടി സ്വീകരിക്കു കയും അന്വേഷണം നടന്നു വരികയും ചെയ്യുന്നു. കാലതാമസമുണ്ടായോ എന്ന വിഷയം ഗവൺമെന്റ് പ്രത്യേകം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ